പാഠം 4 ജൂലൈ 15–21

# വിശ്വാസത്താലുള്ള നീതികരണം മാത്രം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ഗലാ. 2:15–21; എഫെ. 2:12; ഫിലി. 3:9; റോമ. 3:10–20; ഉല്പ. 15:5,6; റോമ. 3:8.**

**മനഃപാഠവാക്യം: "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല; ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെ ത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്" (ഗലാ. 2:20).**

നാം കഴിഞ്ഞയാഴ്ചയിൽ കണ്ടതുപോലെ, അവൻ ശുപാർശചെയ്ത വിശ്വാസത്തിനും അവൻ കാഴ്ചവച്ച പെരുമാറ്റവും തമ്മിലുള്ള സ്ഥിരതയില്ലായ്മയ്ക്ക് പൗലൊസ് പത്രൊസുമായി അന്ത്യോക്യയിൽ വച്ച് പരസ്യമായി ഏറ്റുമുട്ടി. മുൻപ് വിഗ്രഹാരാധികളായിരുന്നവരുമായി മേലിൽ തീൻമേശ പങ്കുവയ്ക്കില്ല എന്ന പത്രൊസിന്റെ തീരുമാനം വ്യക്തമാക്കിയത് അവർ രണ്ടാംകിട ക്രിസ്ത്യാനികളാണെന്നായിരുന്നു. അവന്റെ പ്രവൃത്തികൾ സൂചിപ്പിച്ചത് അവർക്ക് യഥാർത്ഥത്തിൽ ദൈവത്തിന്റെ കുടുംബത്തിൽ അംഗമാകുകയും പൂർണ്ണമേശ കൂട്ടായ്മ ആസ്വദിക്കുകയും വേണമെങ്കിൽ അവർ ആദ്യം അഗ്രചർമ്മം എന്ന ആചാരത്തിനു വിധേയരാകണമെന്നായിരുന്നു.

ആ പിരിമുറുക്കം നിറഞ്ഞ സന്ദർഭത്തിൽ പൗലൊസ് യഥാർത്ഥത്തിൽ പത്രൊസിനോട് എന്താണ് പറഞ്ഞത്? ഈയാഴ്ചയിലെ പാഠത്തിൽ യഥാർത്ഥത്തിൽ എന്തു സംഭവിച്ചുവെന്നതിനെക്കുറിച്ചുള്ള സംഗ്രഹം നാം പഠിക്കും. പുതിയനിയമത്തിലെ ഏറ്റവും സംക്ഷിപ്തമായ ചില പദപ്രയോഗങ്ങൾ ഈ പാഠഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. അത് വളരെ പ്രധാനവുമാണ്, കാരണം അത് നമ്മെ സുവിശേഷം മനസ്സിലാക്കുന്നതിനും ഗലാത്യർക്കുള്ള പൗലൊസിന്റെ മറ്റ് എഴുത്തുകൾ ഗ്രഹിക്കുന്നതിനും അടിത്തറയായ നിരവധി വാക്കുകളും പദസമുച്ചയങ്ങളും നമ്മെ ആദ്യമായി പരിചയപ്പെടുത്തുന്നു. യേശുവിലുള്ള വിശ്വാസം, മതപരമായ വിശ്വാസം, ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ, നീതി, നീതീകരണം മുതലായ താക്കോൽ വാക്കുകളാണ് ഇതിലുൾപ്പെട്ടിരിക്കുന്നത്.

ഈ വാക്കുകൾകൊണ്ട് പൗലൊസ് അർത്ഥമാക്കുന്നതെന്താണ്, അവ രക്ഷാപദ്ധതിയെക്കുറിച്ച് നമ്മെ എന്തു പഠിപ്പിക്കുന്നു?

**ഞായർ** **ജൂലൈ 16**

**"നീതീകരണം" എന്ന വിഷയം :**

**ഗലാത്യ 2:15ൽ പൗലൊസ് എഴുതുന്നു. "നാം സ്വഭാവത്തിൽ ജാതികളിൽനിന്നുള്ള പാപികളല്ല; യെഹൂദന്മാരത്രേ" (ഗലാ. 2:15). അവൻ എന്ത് കാര്യമാണ് പ്രകടിപ്പിക്കുന്നതെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?**

പൗലൊസിന്റെ വാക്കുകൾ അവയുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ട തുണ്ട്. അവന്റെ സഹ യെഹൂദ ക്രിസ്ത്യാനികളെ അവന്റെ പക്ഷത്തേക്ക് ആകർഷിക്കാനുള്ള ഒരു ശ്രമമെന്നനിലയിൽ, അവർ അംഗീകരിക്കുന്ന ഒരു കാര്യവുമായി പൗലൊസ് ആരംഭിക്കുന്നു. ജാതികളും യെഹൂദരും തമ്മിലുള്ള പരമ്പരാഗത വേർതിരിവ്. യെഹൂദന്മാർ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരും, അവന്റെ പ്രമാണം ഏൽപ്പിക്കപ്പെട്ടവരും, അവനുമായുള്ള ഉടമ്പടി ബന്ധത്തിന്റെ പ്രയോജനങ്ങൾ ആസ്വദിക്കുന്നവരുമായിരുന്നു. എന്നിരുന്നാലും, ജാതികൾ പാപികളായിരുന്നു; ദൈവത്തിന്റെ പ്രമാണം അവരുടെ പെരുമാറ്റത്തെ തടസ്സപ്പെടുത്തിയില്ല, കൂടാതെ അവർ വാഗ്ദത്ത ഉടമ്പടിക്ക് പുറത്തുമായിരുന്നു (എഫെ. 2:12; റോമ. 2:14). ജാതികൾ പ്രകടമായും പാപികളായിരുന്നപ്പോൾ, അവരുടെ ആത്മീയ പദവികൾ അവരെ ദൈവത്തിന് കൂടുതൽ സ്വീകാര്യരാകുന്നില്ലായെന്ന് 16-ാം വാക്യത്തിൽ യെഹൂദാ ക്രിസ്ത്യാനികളെ പൗലൊസ് താക്കീത് ചെയ്യുന്നു. കാരണം ആരുംതന്നെ "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ" നീതീകരിക്കപ്പെടുന്നില്ല.

**ഗലാത്യർ 2:16,17ൽ നീതീകരിക്കപ്പെടുക എന്ന വാക്ക് 4 പ്രാവശ്യം പൗലൊസ് ഉപയോഗിക്കുന്നു. "നീതീകരണം" എന്നതുകൊണ്ട് എന്താണ് അവൻ അർത്ഥമാക്കുന്നത്? പുറ. 23:7; ആവ. 25:1 എന്നിവ കണക്കിലെടുക്കുക.**

നീതീകരിക്കുക എന്ന ക്രിയ പൗലൊസിന് ഒരു മുഖ്യപദമാണ്. അവ 39 പ്രാവശ്യം പുതിയനിയമത്തിൽ പ്രത്യക്ഷപ്പെടുന്നതിൽ 27 പ്രാവശ്യവും പൗലൊസിന്റെ എഴുത്തുകളിലാണ്. അവൻ അത് 8 പ്രാവശ്യം ഗലാത്യരിൽ ഉപയോഗിക്കുന്നു. ഗലാ. 2:16,17 ൽ നാലുപ്രാവശ്യത്തെ പ്രതിപാദം ഉൾപ്പെടെ നീതീകരണം എന്ന കോടതികളിൽ ഉപയോഗിക്കുന്ന നിയമപരമായ ഒരു പദമാണ്. ഒരുവനോ ഒരുവൾക്കോ എതിരായി കൊണ്ടുവരുന്ന പരാതികളിൽ ഒരാൾ നിരപരാധിയാണെന്ന് ന്യായാധിപൻ വിധി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഇതുള്ളത്. അത് കുറ്റം വിധിക്കലിന് നേരെ എതിരാണ്. ഇതിനുപുറമെ ന്യായം, നീതി എന്നീ വാക്കുകൾ ഒരേ ഗ്രീക്ക് പദത്തിൽനിന്നും വരുന്നതുകൊണ്ട്, ഒരാൾ "നീതീകരിക്കപ്പെടുക" എന്നതിനർത്ഥം അവൻ "നീതിമാനായി" കണക്കാക്കപ്പെടുന്നുവെന്നാണ്. അപ്രകാരം നീതീകരണം എന്നത് വെറും ക്ഷമയും ക്ഷമിക്കുക എന്നതിലും കൂടുതലാണ്;അത് ഒരു വ്യക്തി നീതിമാനാണെന്നതിന്റെ പ്രസാദാത്മകമായ പ്രഖ്യാപനമാണ്.

എന്നിരുന്നാലും, ചില യെഹൂദാ വിശ്വാസികൾ, നീതീകരണം ബന്ധുതാപരമായിരുന്നു. അത് ദൈവത്തോടും അവന്റെ ഉടമ്പടിയോടുമുള്ള അവരുടെ ബന്ധത്തെ ചുറ്റിയായിരുന്നു. "നീതീകരിക്കപ്പെടുക" എന്നതിന് ഒരു വ്യക്തി ദൈവത്തിന്റെ ഉടമ്പടി സമൂഹത്തിന്റെ, അബ്രഹാമിന്റെ കുടുംബത്തിലെ ഒരു വിശ്വസ്ത അംഗം കൂടിയായിരുന്നു എന്നും അർത്ഥമുണ്ട്.

**ഗലാത്യർ 2:15-17 വായിക്കുക. ഇവിടെ നിങ്ങളോട് പൗലൊസ് എന്താണ് പറയുന്നത്; ഈ വാക്കുകൾ നിങ്ങൾക്ക് നിങ്ങളുടെ ക്രിസ്തീയ അനുഭവത്തിൽ എങ്ങനെ പ്രയോഗിക്കാൻ കഴിയും?**

## ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ

ഒരു മനുഷ്യൻ “ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ” നീതീകരിക്കപ്പെടുകയില്ലെന്ന് ഗലാത്യർ 2:16ൽ പൗലൊസ് മൂന്ന് പ്രാവശ്യം പറയുന്നു. “ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ” എന്ന പ്രയോഗത്തിലൂടെ അവൻ എന്താണ് അർത്ഥമാക്കുന്നത്? എങ്ങനെയാണ് ഈ വാക്യങ്ങൾ (ഗലാ. 2:16-17; 3:2,5,10; റോമ. 3:20,28. അവന്റെ അർത്ഥം മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നത്?

“ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ” എന്ന പദപ്രയോഗം നാം മനസ്സിലാക്കുന്നതിനു മുൻപ്, നാം ആദ്യമായി ന്യായപ്രമാണം എന്ന പദംകൊണ്ട് പൗലൊസ് എന്ത് അർത്ഥമാക്കുന്നു എന്നു മനസ്സിലാക്കണം; ന്യായപ്രമാണം എന്ന വാക്ക് (ഗ്രീക്ക് ഭാഷയിൽ നോമോസ്) 121 പ്രാവശ്യം പൗലൊസിന്റെ എഴുത്തുകളിൽ കാണുന്നു. അവന്റെ ജനത്തിനായുള്ള ദൈവത്തിന്റെ ഇഷ്ടം, മോശെയുടെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ, പഴയനിയമം സമ്പൂർണ്ണമായി അല്ലെങ്കിൽ വെറും പൊതുവായ തത്വങ്ങൾ ഉൾപ്പെടെ നിരവധി കാര്യങ്ങൾ ഇത് സൂചിപ്പിക്കാം. എന്നിരുന്നാലും, മോശെയിലൂടെ അവന്റെ ജനത്തിനു നൽകപ്പെട്ട ദൈവപ്രമാണങ്ങളുടെ സമ്പൂർണ്ണ ശേഖരത്തെ സൂചിപ്പിക്കാനാണ് പൗലൊസ് ഇത് പ്രാഥമികമായി ഉപയോഗിക്കുന്നത്.

ആയതിനാൽ “ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ” എന്ന പദപ്രയോഗം മോശെയിലൂടെ ദൈവത്താൽ നൽകപ്പെട്ട കല്പനകളിൽ കാണപ്പെടുന്ന സകല നിബന്ധനകളും ഉൾപ്പെടുന്നു. ധാർമ്മികമോ കർമ്മാചാരപരമോ എന്ന വ്യത്യാസമില്ലാതെ! പൗലൊസ് പറയുന്നു, ഒരുവൻ എത്ര കഠിനമായി ദൈവപ്രമാണത്തെ അനുസരിക്കാനും പിൻപറ്റാനും ശ്രമിച്ചാലും, നമ്മുടെ അനുസരണം ഒരുനാളും ദൈവ മുൻപാകെ നമ്മെ നീതീകരിക്കത്തക്കവിധം നല്ലതായിരിക്കില്ല.” അതിനു കാരണം, ന്യായപ്രമാണം ആവശ്യപ്പെടുന്നത് പ്രവൃത്തിയിലും ചിന്തയിലുമുള്ള തികഞ്ഞ വിശ്വസ്തതയാണ്. അത് കുറച്ചുകാലത്തേക്കു മാത്രമല്ല, പിന്നെയോ സദാകാലത്തേക്കും! അവന്റെ ഏതാനും കല്പനകൾക്ക് മാത്രമല്ല അവയ്ക്കെല്ലാമായി!

“ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ” എന്ന പദപ്രയോഗം പഴയനിയമത്തിൽ ഇല്ലായെങ്കിലും പൗലൊസിന്റെ ഉപയോഗത്തിലല്ലാതെ പുതിയനിയമത്തിൽ അത് കാണപ്പെടുന്നില്ലായെങ്കിലും, അതിന്റെ അർത്ഥത്തിന്റെ ആശ്ചര്യകരമായ ഉറപ്പ് 1947 ൽ ചാവുകടൽ ചുരുളുകളിൽ, (എസ്സെനീസ് എന്നു വിളിക്കപ്പെടുന്ന യേശുവിന്റെ കാലത്ത് ജീവിച്ചിരുന്ന ഒരുകൂട്ടം യെഹൂദന്മാർ അവർ പകർത്തിയെഴുതിയ ഒരുകൂട്ടം എഴുത്തുകളുടെ ശേഖരം) കണ്ടെത്തിയപ്പോഴാണ് മനസ്സിലായത് എബ്രായ ഭാഷയിലാണ് എഴുത പ്പെട്ടതെങ്കിലും, ചുരുളുകളിൽ ഒന്നിൽ ഇതേ പദപ്രയോഗം കാണപ്പെടുന്നു. ചുരുളിന്റെ ശീർഷകം “ന്യായപ്രമാണത്തിന്റെ പ്രധാന പ്രവൃത്തികൾ” എന്ന് പരിഭാഷ പ്പെടുത്താവുന്ന മിഖ്സത് മാസ് ഹാ-തോറാ എന്നാണ്. വിശുദ്ധവസ്തുക്കൾ അശു ദ്ധമാക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട് വേദപുസ്തക പ്രമാണത്തെ

അടിസ്ഥാനപ്പെടുത്തിയ നിരവധിവിഷയങ്ങൾ ആ ചുരുളുകൾ വിവരിക്കുന്നു, അവയിൽ പലതും യെഹൂദന്മാർ ജാതികളിൽനിന്ന് വ്യത്യസ്തപ്പെട്ടവരാണെന്ന് എടുത്തു കാണിച്ചിരുന്നു. ഒടുവിൽ എഴുത്തുകാരൻ എഴുതുന്നത് ഈ "ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ" പിന്തുടരുകയാണെങ്കിൽ നിങ്ങൾ ദൈവമുൻപാകെ നീതിയുള്ളവരായി കണക്കാക്കപ്പെടുമെന്നാണ്." പൗലൊസിൽനിന്ന് വ്യത്യസ്തമായി, എഴുത്തുകാരൻ അവന്റെ വായനക്കാരന് വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നീതി നൽകുന്നില്ല, മറിച്ച് പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിലാണ്.

**നിങ്ങളുടെ അനുഭവത്തിൽ, എത്ര നന്നായാണ് നിങ്ങൾ ദൈവത്തിന്റെ ന്യായപ്രമാണം പാലിക്കുന്നത്? നിങ്ങളുടെ ന്യായപ്രമാണപാലനത്തിന്റെ അടിസ്ഥാനത്തിൽ ദൈവമുൻപാകെ നിങ്ങൾ നീതീകരിക്കപ്പെടുംവിധം നിങ്ങൾ അത് നന്നായി പാലിക്കുന്നുവെന്ന് നിങ്ങൾക്ക് യഥാർത്ഥമായി തോന്നുന്നുണ്ടോ? (റോമ. 3:10-20 കാണുക). അല്ലെങ്കിൽ എന്തുകൊണ്ട് നിങ്ങളുടെ ഉത്തരം പൗലൊസ് ഇവിടെ പറയാനുദ്ദേശിക്കുന്നത് മനസ്സിലാക്കുവാൻ നിങ്ങളെ എങ്ങനെ സഹായിക്കുന്നു?**

**ചൊവ്വ** **ജൂലൈ 18**

**നമ്മുടെ നീതീകരണത്തിന്റെ അടിസ്ഥാനം**

**"ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽനിന്നുള്ള എന്റെ സ്വന്തം നീതിയല്ല ക്രിസ്തുവിങ്കലുള്ള വിശ്വാസംമൂലം" (ഫിലി. 3:9).**

ക്രിസ്തുവിലുള്ള വിശ്വാസം പ്രധാനമല്ല എന്ന് യെഹൂദ ക്രിസ്ത്യാനികൾ നിർദ്ദേശിക്കുകയായിരുന്നുവെന്ന് നാം അനുമാനിക്കരുത്; എന്തായാലും, അവരെല്ലാം യേശുവിലുള്ള വിശ്വാസികളായിരുന്നു. അവർക്കെല്ലാം അവനിൽ വിശ്വാസമുണ്ടായിരുന്നു. എന്നിരുന്നാലും അവരുടെ പെരുമാറ്റം കാണിച്ചത് വിശ്വാസംമാത്രം മതിയാകില്ല എന്നായിരുന്നു. അതിനോടൊപ്പം അനുസരണവും വേണ്ടിയിരുന്നു. നീതീകരണം എന്ന പ്രവർത്തിക്ക് നമ്മുടെ അനുസരണം എന്തോ കൂട്ടിച്ചേർക്കുന്നതു പോലെ നീതീകരണം, വിശ്വാസവും പ്രവൃത്തിയും ചേർന്നതാണെന്ന് അവർ വാദിച്ചിരിക്കാം. ക്രിസ്തുവിലുള്ള വിശ്വാസത്തെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളുമായി പൗലൊസ് ആവർത്തിച്ച് വ്യത്യാസപ്പെടുത്തുന്നത് ഇപ്രകാരമുള്ള "രണ്ടുതരത്തിലുള്ള" സമീപനത്തോടുള്ള അവന്റെ ശക്തമായ എതിർപ്പിനെ സൂചിപ്പിക്കുന്നു. വിശ്വാസം, വിശ്വാസം മാത്രമാണ് നീതീകരണത്തിന്റെ അടിസ്ഥാനവും.

പൗലൊസിനും വിശ്വാസം എന്നത് വെറുമൊരു അവ്യക്തമായ ചിന്താഗതിയല്ല, മറിച്ച് യേശുവുമായി പിരിക്കാനാവാത്തവിധം ബന്ധപ്പെട്ടിരിക്കുകയെന്നാണ്. വാസ്തവത്തിൽ "ക്രിസ്തുവിലുള്ള വിശ്വാസം" എന്ന് രണ്ടുപ്രാവശ്യം ഗലാത്യർ 2:16 ൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത് മറ്റ് ഏതൊരു പരിഭാഷയ്ക്കും ഉൾക്കൊള്ളാവുന്നതിലും സമ്പുഷ്ടമാണ്. ഗ്രീക്ക് ഭാഷയിൽ ഈ പദപ്രയോഗത്തെ അക്ഷരാർത്ഥത്തിൽ "വിശ്വാസം" എന്നോ "വിശ്വസ്തത" എന്നോ പരിഭാഷപ്പെടുത്തിയിരിക്കുന്നു. നമുക്കുവേണ്ടി ക്രിസ്തു നേടിയെടുത്ത പ്രവൃത്തിയും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളും തമ്മിൽ പൗലൊസ് നടത്തുന്ന ശക്തമായ വൈരുദ്ധ്യം അക്ഷരാർത്ഥത്തിലുള്ള

ഈ പരിഭാഷ വെളിവാക്കുന്നു. അവൻ ചെയ്ത പ്രവൃത്തികൾ, അവന്റെ വിശ്വസ്ത തയിലൂടെ (ആയതിനാൽ, യേശുവിന്റെ വിശ്വസ്തത) നമുക്കുവേണ്ടി ചെയ്തിട്ടുണ്ട്.

വിശ്വസ്തത സ്വയമായി നീതീകരണത്തോട് ഒന്നും കൂട്ടിച്ചേർക്കുന്നില്ലായെന്ന് ഓർക്കുന്നത് പ്രധാനമാണ്. പകരം, വിശ്വാസം എന്നത്, നാം ക്രിസ്തുവിനെയും നമുക്കുവേണ്ടിയുള്ള അവന്റെ പ്രവൃത്തികളെയും സ്വീകരിക്കുന്ന മാർഗ്ഗമാണ്. നാം നീതീകരിക്ക പ്പെടുന്നത് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ല പിന്നെയോ ക്രിസ്തുവിന് നമ്മോടുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അത് നാം വിശ്വാസത്തിലൂടെ നമുക്കായി അവകാശപ്പെടുന്നു.

ഒരു വ്യക്തിക്കും ചെയ്യാൻ കഴിയാതിരുന്നത് ക്രിസ്തു ചെയ്തു. അതെന്തെന്നാൽ അവൻ ചെയ്തതിലെല്ലാം ദൈവത്തോട് വിസ്വസ്തത കാണിച്ചത് അവൻ മാത്രമാണ്. നമ്മുടെ പ്രത്യാശ നമ്മുടെ ക്രിസ്തുവിന്റെ വിശ്വസ്തതയിലാണ്, നമ്മുടേതിലല്ല. മറ്റുള്ളവയ്ക്കിടയിൽ ഈ വലിയതും പ്രധാനവുമായ സത്യമാണ് പ്രൊട്ടസ്റ്റന്റ് നവോ ത്ഥാനത്തിന് തിരികൊളുത്തിയത്. നൂറ്റാണ്ടുകൾക്കു മുൻപ് മാർട്ടിൻ ലൂഥർ അത് പ്രസംഗിച്ചുതുടങ്ങിയതു മുതൽ ഇന്നും പ്രധാനമായി നിൽക്കുന്ന ഒരു സത്യം.

ഗലാത്യർ 2:16 ന് സിറിയക്ക് ഭാഷയിലുള്ള ഒരു ആദിമ തർജ്ജമ പൗലൊസിന്റെ ആശയം നന്നായി വ്യക്തമാക്കുന്നു. "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല, മിശിഹായുടെ വിശ്വാസത്താലാണ് നാം നീതീകരിക്കപ്പെടുന്നത്. നാം യേശുവാകുന്ന മിശിഹായിൽ വിശ്വസിക്കുന്നു. ഒരു മനുഷ്യൻ നീതീകരിക്കപ്പെടുന്നത് ന്യായപ്രമാണ ത്തിന്റെ പ്രവൃത്തികളാലല്ല, പിന്നെയോ യേശുവെന്ന മിശിഹായുടെ വിശ്വാസത്താ ലാണ്."

**റോമ. 3:22,26; ഗലാ. 3:22; എഫെ. 3:12; ഫിലി. 3:9 എന്നിവ വായിക്കുക.**

**നമ്മുടെ രക്ഷയുടെ അടിസ്ഥാനം ദൈവത്തോടുള്ള നമ്മുടെ പൂർണ്ണ അനു സരണവും, നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ വിശ്വസ്തതയുമാണെന്ന ആശ്ചര്യകരമായ സത്യം നസ്സിലാക്കുവാൻ മുകളിൽ നാം വായിച്ചതും ഈ വാക്യങ്ങളും എങ്ങനെ സഹായിക്കുന്നു?**

**ബുധൻ** **ജൂലൈ 19**

**വിശ്വാസത്തിന്റെ അനുസരണം**

ക്രിസ്തീയ ജീവിതത്തിന് തികഞ്ഞ വിശ്വാസമാണ് അടിത്തറ എന്ന് പൗലൊസ് വ്യക്തമാക്കുന്നു. നമുക്കു ക്രിസ്തുവിലുള്ള വാഗ്ദത്തങ്ങൾ നാം മുറുകെ പിടിക്കുന്നത് ഈ മാർഗ്ഗത്തിലൂടെയാണ്. എന്നാൽ കൃത്യമായി, വിശ്വാസം എന്താണ്? എന്താണ് അതിൽ ഉൾപ്പെട്ടിരിക്കുന്നത്?

**വിശ്വാസത്തിന്റെ ഉല്പത്തിയെക്കുറിച്ച് തുടർന്നുള്ള വാക്യങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു? ഉല്പ. 15:5,6; യോഹ. 3:14-16; 2 കൊരി. 5:14,15; ഗലാ.5:6).**

യഥാർത്ഥ വേദപുസ്തകവിശ്വാസം എപ്പോഴും ദൈവത്തോടുള്ള ഒരു പ്രതിക രണമാണ്. വിശ്വാസം എന്നത് ദൈവത്തിന് അത് ആവശ്യമായതുകൊണ്ട് മനുഷ്യർ

ഒരു ദിവസം ഉണ്ടാകണമെന്ന് തീരുമാനിക്കുന്ന ഒരു തോന്നലോ മനോഭാവമോ അല്ല. ഇതിനു വിപരീതമായി, ദൈവത്തിന്റെ നന്മയോടുള്ള സ്നേഹത്താലും നന്ദിയാലും സ്പർശിക്കപ്പെടുന്ന ഒരു ഹൃദയത്തിൽ ഉത്ഭവിക്കുന്ന ഒന്നാണ് സത്യവിശ്വാസം. അതുകൊണ്ടാണ് വേദപുസ്തകം വിശ്വാസത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, ദൈവം എടുത്ത ആദ്യചുവടുകളെ വിശ്വാസം പിന്തുടരുന്നുവെന്ന് പറയുന്നത്. ഉദാഹരണത്തിന്, അബ്രഹാമിന്റെ കാര്യത്തിൽ അവനോട് ദൈവം ചെയ്യുന്ന ആശ്ചര്യകരമായ വാഗ്ദത്തങ്ങളോടുള്ള അവന്റെ പ്രതികരണമാണ് വിശ്വാസം (ഉല്പ. 15:5,6). അതേസമയം പുതിയനിയമത്തിൽ പൗലൊസ് പറയുന്നത് ക്രൂശിൽ നമുക്കുവേണ്ടി ക്രിസ്തു ചെയ്തതിന്റെ തിരിച്ചറിവിലാണ് വിശ്വാസം ആത്യന്തികമായി വേരൂന്നിയിരിക്കുന്നതെന്നാണ്.

**വിശ്വാസം ദൈവത്തോടുള്ള ഒരു പ്രതികരണമാണെങ്കിൽ, ആ പ്രതികരണത്തിൽ എന്തുൾപ്പെടണം? വിശ്വാസത്തിന്റെ പ്രകൃതത്തെക്കുറിച്ച് തുടർന്നുള്ള വാക്യങ്ങൾ എന്തുപറയുന്നുവെന്ന് കണക്കിലെടുക്കുക. യോഹ. 8:32,36; അ. പ്ര. 10:43; റോമ. 1:5,8; 6:17; എബ്രാ. 11:6; യാക്കോ. 2:19.**

അനേകരും വിശ്വാസത്തെ "മതപരമായ വിശ്വാസം എന്ന് വിശേഷിപ്പിക്കുന്നു." ഈ വിശേഷണം പ്രശ്നമാണ്, കാരണം ഗ്രീക്ക് ഭാഷയിൽ "വിശ്വാസം" എന്ന വാക്ക് "വിശ്വസിക്കുക" എന്ന ക്രിയയുടെ നാമരൂപം മാത്രമാണ്. ഒരു രൂപം മറ്റൊന്നിനെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്നത് "വിശ്വാസം" എന്നാൽ വിശ്വാസം" ഉണ്ടായിരിക്കുക എന്ന് പറയുന്നതുപോലെയാണ്. അത് നമ്മോടൊന്നും പറയുന്നില്ല.

തിരുവെഴുത്തുകളുടെ ഒരു സൂക്ഷ്മപരിശോധന വെളിവാക്കുന്നത് വിശ്വാസം എന്നതിൽ ദൈവത്തെക്കുറിച്ചുള്ള ഒരു ജ്ഞാനം മാത്രമല്ല പിന്നെയോ ജ്ഞാനത്തെ മാനസികമായി അംഗീകരിക്കുവാനും അതിനെ സ്വീകരിക്കാനുമുള്ള ഒരുക്കമാണ്. ദൈവത്തെക്കുറിച്ചുള്ള ഒരു കൃത്യമായ ചിത്രം ഉണ്ടായിരിക്കേണ്ടത് പ്രധാനമാണെന്നതിന് ഒരു കാരണം ഇതാണ്. ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള വിരൂപമാക്കപ്പെട്ട ആശയങ്ങൾ വിശ്വാസമുണ്ടാകുന്നതിന് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കും. എന്നാൽ സുവിശേഷത്തോടുള്ള ഒരു ബുദ്ധിപരമായ അംഗീകാരം മതിയാകില്ല, കാരണം ആ അർത്ഥത്തിൽ "ചെകുത്താന്മാരും വിശ്വസിക്കുന്നു." യഥാർത്ഥ വിശ്വാസം ഒരു വ്യക്തി എങ്ങനെ ജീവിക്കുന്നു എന്നതിനെയും ബാധിക്കുന്നു. റോമർ 1:5 ൽ പൗലൊസ് "വിശ്വസത്തിന്റെ അനുസരണത്തെക്കുറിച്ച്" പറയുന്നു. വിശ്വാസം എന്നത് അനുസരണത്തിന് തുല്യമാണെന്നല്ല പൗലൊസ് പറയുന്നത്. അവൻ അർത്ഥമാക്കുന്നത് സത്യവിശ്വാസം ഒരു വ്യക്തിയുടെ സമ്പൂർണ്ണ ജീവിതത്തെ ബാധിക്കുന്നുവെന്നാണ്, മനസ്സിനെ മാത്രമല്ല. നിയമങ്ങളുടെ ഒരു കുറിപ്പിന് വിപരീതമായി, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനോടുള്ള സമർപ്പണവും അതിലുൾപ്പെടുന്നു. നാം വിശ്വസിക്കുന്നതിനോടൊപ്പം വിശ്വാസമെന്നത് നാമെന്തു ചെയ്യുന്നു, നാമെങ്ങനെ ജീവിക്കുന്നു, നാം ആരിൽ വിശ്വസിക്കുന്നു എന്നതു കൂടിയാണ്.

**വിശ്വാസം പാപത്തെ പിന്താങ്ങുന്നുവോ?**

പൗലൊസിനെതിരായുള്ള പ്രധാന ആരോപണങ്ങളിലൊന്ന് വിശ്വാസത്താൽ മാത്രമുള്ള നീതീകരണം എന്ന അവന്റെ സുവിശേഷം പാപം ചെയ്യാൻ മനുഷ്യരെ പ്രോത്സാഹിപ്പിക്കുന്നുവെന്നാണ് (റോമ. 3:8; 6:1 കാണുക).

ആരോപകർ ന്യായീകരിച്ചത് മനുഷ്യർ ദൈവത്താൽ അംഗീകരിക്കപ്പെടേണ്ട തിനു ന്യായപ്രമാണം പാലിക്കേണ്ടതില്ലെങ്കിൽ, അവർ ജീവിക്കുന്നതെങ്ങനെയെ ന്നതിനെക്കുറിച്ച് അവരെന്തിന് വിഷമിക്കണം എന്നായിരുന്നു എന്നതിൽ സംശയ മില്ല? ലൂഥറും സമാന ആരോപണങ്ങൾ നേരിട്ടു.

**വിശ്വാസത്താൽ മാത്രം നീതീകരണം എന്ന വിശ്വാസപ്രമാണം മാത്രമാണ് പാപകരമായ പെരുമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതെന്ന ആരോപണത്തോട് പൗലൊസ് എങ്ങനെ പ്രതികരിക്കുന്നു? ഗലാ. 2:17,18.**

പൗലൊസ് തന്റെ എതിരാളികളുടെ ആരോപണത്തോട് ഏറ്റവും ശക്തമായി ത്തന്നെ പ്രതികരിക്കുന്നു: "ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ!" ക്രിസ്തുവിലേക്ക് വന്നശേഷം ഒരു വ്യക്തി പാപത്തിലകപ്പെടാൻ സാദ്ധ്യതയുണ്ടെങ്കിലും, ഉത്തര വാദിത്തം നിശ്ചയമായും ക്രിസ്തുവിനായിരിക്കില്ല. നാം ന്യായപ്രമാണം ലംഘിച്ചാൽ, നാം തന്നെയാണ് കല്പനാ ലംഘനക്കാർ.

**യേശുക്രിസ്തുവുമായുള്ള അവന്റെ ഒന്നിച്ചുചേരൽ പൗലൊസ് എങ്ങനെ യാണ് വർണ്ണിക്കുന്നത്? ഏതുവിധത്തിലാണ് ഈ ഉത്തരം അവന്റെ എതിരാളികൾ ഉയർത്തുന്ന തടസ്സങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്നത്? ഗലാ. 2:19-21.**

അവന്റെ എതിരാളികളുടെ ന്യായീകരണം വെറും അപഹാസ്യമാണെന്ന് പൗലൊസ് കണ്ടെത്തുന്നു. ക്രിസ്തുവിനെ വിശ്വാസത്താൽ സ്വീകരിക്കുകയെന്നത് അത്ര നിസ്സാരമല്ല; ഒരു വ്യക്തി ജീവിക്കുന്നതിൽ യഥാർത്ഥ മാറ്റമില്ലാതെ ദൈവം അവനെ നീതിമാനായി കണക്കാക്കുകയും സ്വർഗ്ഗത്തിൽ ഇടം കൊടുക്കുമെന്നും വിശ്വസിപ്പിക്കുന്ന ഒരു കളിയല്ല. ഇതിനു വിപരീതമായി, ക്രിസ്തുവിനെ വിശ്വാസ ത്താൽ സ്വീകരിക്കുക എന്നത് അങ്ങേയറ്റം സമൂലമായതാണ്. ക്രിസ്തുവുമായുള പൂർണ്ണമായ ഒത്തുചേരൽ അതിൽ ഉൾപ്പെട്ടിരിക്കുന്നു. അവന്റെ മരണത്തിലും ഉയിർപ്പിലും ഉള്ള ഒരു ഒത്തുചേരൽ, ആത്മീയമായി പറഞ്ഞാൽ, പൗലൊസ് പറയു ന്നത് നാം ക്രിസ്തുവുമായി ക്രൂശിക്കപ്പെട്ടിരിക്കുകയാണെന്നാണ്, സ്വാർത്ഥതയിൽ വേരൂന്നിയിരുന്ന നമ്മുടെ പഴയ പാപകരമായ വഴികൾ തീർന്നുപോയിരിക്കുന്നു (റോമ. 6:5-14). നാം ശതകാലവുമായി ഒരു സമുല വേർപ്പാട് നടത്തിയിരിക്കുന്നു. സകലതും പുതിയതായി (2 കൊരി. 5:17) നാം ക്രിസ്തുവിൽ ഒരു പുതിയ ജീവിതത്തി ലേക്ക് ഉയിർത്തപ്പെട്ടിരിക്കുന്നു. ഉയിർത്തവനായി ക്രിസ്തു ദിനന്തോറും നമ്മെ കൂടുതൽ അവനെപ്പോലെയാക്കി നമ്മിൽ ജീവിക്കുന്നു. ആയതിനാൽ, ക്രിസ്തു വിലുള്ള വിശ്വാസം, പാപത്തിനു വേണ്ടിയുള്ള ഒരു ഒഴികഴിവല്ല പിന്നെയോ ക്രിസ്തു

വുമായി കൂടുതൽ ആഴത്തിൽ ഉള്ളതും ധന്യവുമായ ഒരു ബന്ധം ന്യായപ്രമാണാധിഷ്ഠിതമായ ഒരു മതത്തിൽ ഒരിക്കലും കാണാൻ കഴിയാത്തത്!

ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ ഇല്ലാതെ വിശ്വാസത്താൽ മാത്രം രക്ഷ എന്ന ആശയത്തോട് നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു? ഒരു പക്ഷേ അത് നിങ്ങളെ അല്പം ഭയപ്പെടുത്തുന്നുവോ? അത് പാപം ചെയ്യാനുള്ള ഒരു ഒഴികഴിവാണെന്ന് ചിന്തിച്ചുകൊണ്ട് അതോ നിങ്ങളതിൽ ആനന്ദിക്കുന്നുവോ? രക്ഷയെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നതിനോട് നിങ്ങളുടെ ഉത്തരം എന്തു പറയുന്നു?

**വെള്ളി** **ജൂലൈ 21**

**കൂടുതൽ ചിന്ത:**

"ഒരു ജനമെന്ന നിലയിൽ വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ച് തെറ്റായ ആശയങ്ങൾ വച്ചുപുലർത്തുന്നതിന്റെ അപകടത്തെക്കുറിച്ച് എന്നെ വീണ്ടും വീണ്ടും അറിയിച്ചു. ഈ കാര്യത്തിൽ മനസ്സുകളെ കുഴയ്ക്കാൻ സാത്താൻ ഒരു പ്രത്യേകരീതിയിൽ പ്രവർത്തിക്കുമെന്ന് എനിക്കു വർഷങ്ങളോളം കാണിച്ചുതന്നു. ദൈവത്തിന്റെ ന്യായപ്രമാണത്തെക്കുറിച്ച് ശരിയായി പഠിക്കുകയും സദസ്സുകൾക്ക് അവതരിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. യേശ്ക്രിസ്തുവിനെയും ന്യായപ്രമാണത്തോടുള്ള ബന്ധത്തെയുംകുറിച്ചുള്ള പരിജ്ഞാനത്തിന്റെ അഭാവംപോലെ. അനേകരും വിശ്വാസത്തിൽനിന്നും വിട്ടുനിന്നത് രക്ഷയെക്കുറിച്ചുള്ള കലർപ്പുള്ളതും ആശയക്കുഴപ്പം നിറഞ്ഞുമായ ആശയങ്ങളാലാണെന്ന് എനിക്കു കാണിച്ചുതന്നിട്ടുണ്ട്. കാരണം ശുശ്രൂഷകന്മാർ ഹൃദയങ്ങളിലേക്ക് എത്തിച്ചേരുന്നതിന് തെറ്റായ മാർഗ്ഗം സ്വീകരിച്ചുകൊണ്ടാണ്. ക്രിസ്തുവിന്റെ നീതിയെക്കുറിച്ചുള്ള ആരോപണം എന്റെ മനസ്സിൽ വർഷങ്ങളായി ഭാരമായിരുന്നു."

"വീഴ്ച ഭവിച്ച മനുഷ്യനു അവന്റെ ഏറ്റവും നല്ല പ്രവൃത്തികൾകൊണ്ടു പോലും പ്രശംസിക്കാൻ ഒന്നുമില്ല എന്നതിനെക്കാൾ കൂടുതലായി ആത്മാർത്ഥമായി ചിന്തിക്കേണ്ട ഒരു കാര്യമില്ല, അത് കൂടെക്കൂടെ ആവർത്തിക്കേണ്ടതാണ്. അല്ലെങ്കിൽ കൂടുതൽ ഉറപ്പോടെ സ്ഥാപിക്കേണ്ടതാണ്. രക്ഷ എന്നത് യേശുവിലുള്ള വിശ്വാസത്താൽ മാത്രമാണ്." EGW ,Faith and works, pp. 18,19

"ന്യായപ്രമാണം നീതി ആവശ്യപ്പെടുന്നു. ഇതിനു പാപി ന്യായപ്രമാണത്തോട് കടപ്പെട്ടിരിക്കുന്നു, എന്നാലത് നൽകുവാൻ അവന് അസാദ്ധ്യമാണ്. അവന് നീതിയിലേക്ക് എത്തിപ്പിടിക്കാൻ സാധിക്കുന്നത് വിശ്വാസത്തിലൂടെ മാത്രമാണ്. വിശ്വാസത്താൽ അവന് ക്രിസ്തുവിന്റെ മേന്മകൾ ദൈവമുൻപാകെ കൊണ്ടുവരുവാൻ കഴിയും, അപ്പോൾ ദൈവം തന്റെ പുത്രന്റെ അനുസരണം പാപിയുടെ കണക്കിലേക്ക് ചേർക്കുന്നു. മനുഷ്യന്റെ പരാജയത്തിന്റെ സ്ഥാനത്ത് ക്രിസ്തുവിന്റെ നീതി സ്വീകരിക്കപ്പെടുന്നു. അപ്പോൾ ദൈവം അവനെ സ്വീകരിക്കുകയും, പൊറുക്കുകയും, നീതീകരിക്കുകയും, വിശ്വസിക്കുന്ന അനുതാപമുള്ള ആത്മാവിനെ അവൻ നീതിമാനായിരുന്നതുപോലെ കരുതുകയും, അവന്റെ മകനെ സ്നേഹിക്കുന്നതു പോലെ സ്നേഹിക്കുകയും ചെയ്യുന്നു." EGW, Selected Messages, Book 1,p. 367.

### ചർച്ചാ ചോദ്യങ്ങൾ

1. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന ആദ്യപാഠഭാഗത്ത് വിശ്വാസത്താലുള്ള നീതീകരണത്തെക്കാൾ കൂടുതലായി ഊന്നിപ്പറയേണ്ട വിഷയമില്ലെന്ന് ഇ.ജി. വൈറ്റ് പറയുന്നു. നൂറു വർഷങ്ങൾക്കുമുൻപ് അവർ അത് എഴുതിയപ്പോൾ ആ കാലത്തിന് ബാധകമായിരുന്നതുപോലെ ആ പരാമർശങ്ങൾ ഇന്ന് നമുക്കും ബാധകമാണോ എന്ന് ക്ലാസ്സിൽ ചർച്ച ചെയ്യുക, അങ്ങനെയെങ്കിൽ, എന്തുകൊണ്ട്?

2. ലൂഥറിനെക്കുറിച്ചും പ്രൊട്ടസ്റ്റന്റ് നവോത്ഥാനത്തെക്കുറിച്ചും ചിന്തിക്കുക. സാഹചര്യങ്ങളും, സ്ഥലവും, സമയവും എത്രതന്നെ വ്യത്യസ്തമായിരുന്നെങ്കിലും പൗലൊസ് ഇവിടെ അവതരിപ്പിച്ച സത്യം റോമിന്റെ അടിമത്തത്തിൽ നിന്ന് കോടിക്കണക്കിന് പേരെ മോചിപ്പിക്കുന്നതിൽ എന്തുകൊണ്ടാണ് അത്ര സുപ്രധാനഘടകമായത്?

അന്ത്യോക്യയിൽ പത്രൊസിന്റെ പെരുമാറ്റം വ്യക്തമാക്കിയത് മുൻ വിഗ്രഹാരാധികൾ ആദ്യം അഗ്രചർമ്മം ഏറ്റില്ലായെങ്കിൽ സത്യക്രിസ്ത്യാനികളാകാൻ കഴിയില്ലെന്നാണ്. അപ്രകാരമുള്ള ചിന്താഗതിയുടെ തെറ്റിദ്ധാരണ പൗലൊസ് ചൂണ്ടിക്കാണിച്ചു. ഒരു വ്യക്തിയുടെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന് അവനെ നീതിമാനായി പ്രഖ്യാപിക്കാൻ കഴിയില്ല, കാരണം ഏറ്റവും നല്ല മനുഷ്യർ പോലും പൂർണ്ണരല്ല. നമുക്കായി ദൈവം ക്രിസ്തുവിൽ ചെയ്തത് സ്വീകരിക്കുമ്പോഴാണ് പാപികൾ അവന്റെ ദൃഷ്ടിയിൽ നീതീകരിക്കപ്പെടുന്നത്.